മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിന് നടപടി

24 (*24) ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. കെ. അജിത് :
ശ്രീ. ജി. എസ്. ജയലാൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) അമിതമായ മത്സബന്ധനവും മലിനീകരണവും കാലാവസ്ഥാ വ്യതിയാനവും സമുദ്രങ്ങളിലെ ആവാസവ്യവസ്ഥയെ തകിടം മറിക്കുമാവെന്ന ലോക വന്യജീവി സംരക്ഷണ നിധിയുടെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് റിപ്പോർട്ടിലെ പ്രധാന പരാമർശങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) സമുദ്ര മലിനീകരണവും യന്ത്രവൽക്കൃത വലകൾ ഉപയോഗിച്ചുള്ള അമിതമായ മത്സ്യബന്ധനവുംമൂലം വംശനാശം സംഭവിച്ച മത്സ്യങ്ങളുണ്ടോ ; ഉണ്ടെങ്കിൽ അവ ഏതെല്ലാം ഇനങ്ങളിൽപ്പെടുന്നവയാണെന്ന് വെളിപ്പെടുത്തുമോ ;

(സി) മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിന് എന്തെങ്കിലും സർക്കാർ പദ്ധതികളുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലോക വന്യജീവി നിധിയുടെ റിപ്പോർട്ട് പ്രകാരം specious directory-യിൽ ഉൾപ്പെട്ടിട്ടുള്ള Hawksbill turtle (Eretmochelys impricata), Leather back turtle (Dermochelys Corocea) എന്നീ കടലാമകൾക്ക് വംശനാശ ഭീഷണി നേരിടുന്നുണ്ട്. ആഗോളതാപനം, മലിനീകരണം, കാലാവസ്ഥാ വ്യതിയാനം എന്നിവമൂലം ലോക വ്യാപകമായി മത്സ്യസമ്പത്ത് കുറഞ്ഞുവരുന്ന പ്രതിഭാസം കേരള തീരത്തുള്ള സമുദ്ര ആവാസ വ്യവസ്ഥയിലും പ്രതിഫലിക്കുന്നുണ്ട്.

(ബി) സമുദ്ര മലിനീകരണവും യന്ത്രവൽക്കൃത വലകൾ ഉപയോഗിച്ചുള്ള അമിതമായ മത്സ്യബന്ധനവുംമൂലം മത്സ്യങ്ങൾക്ക് വംശനാശം സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഉണ്ട്. മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനായി കേരള മറൈൻ ഫിഷിംഗ് റഗുലേഷൻ ആക്ട് പ്രകാരം 1988 മുതൽ കേരളത്തിന്റെ തീരക്കടലിൽ ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിവരുന്നു. മത്സ്യങ്ങളുടെ പ്രജനനകാലമായ ജൂൺ-ജൂലൈ മാസങ്ങളിൽ ട്രോളിംഗ് നിരോധനം ഏർപ്പെടുത്തുകവഴി മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുക എന്നതാണ് ലക്ഷ്യമിടുന്നത്. കൂടാതെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി ആർട്ടിഫിഷ്യൽ റീഫ്, ഫിഷ് സാങ്ച്വറീസ്, സീ റാഞ്ചിംഗ് എന്നീ പദ്ധതികളും ഫിഷറീസ് വകുപ്പ് നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly